**LBS CENTRE FOR SCIENCE AND TECHNOLOGY**
*(A Government of Kerala Undertaking)*
Extra Police Road, Nandavanam, Thiruvananthapuram 695033, Kerala.
Phone : 0471-2560332, 2560333 Fax: 0471- 2337055.
www.lbskerala.com, Email: mail@lbscentre.org.

No: B4/4135/2019 Date: 24/08/2019

# സംസ്ഥാനതലപ്രസിദ്ധീകരണത്തിന്

കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കൊമേഴ്സ് ഗ്രൂപ്പ്) കമ്പ്യൂട്ടർ (വേർഡ് പ്രോസ്സസിംഗ്) പരീക്ഷ 2019 സെപ്തംബർ 17 മുതൽ എൽ.ബി.എസിന്റെ വിവിധ സെന്ററുകളിൽ വെച്ച് നടത്തുന്നതായിരിക്കും. ഈ പരീക്ഷയിൽ പങ്കെടുക്കുന്നതിലേക്കു വേണ്ടി പരീക്ഷാകമ്മീഷണർക്ക് അപേക്ഷ നൽകിയിട്ടുള്ള പരീക്ഷാർത്ഥികൾക്ക് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിലെ `KGTE2019' എന്ന ലിങ്കിലൂടെ ഓൺലൈനായി ഫീസടച്ച് സ്വീകാര്യമായ പരീക്ഷാസമയവും, തീയതിയും തെരഞ്ഞെടുക്കാവുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന സമയക്രമങ്ങളിൽ ഏതെങ്കിലുമൊന്ന് സെലക്ട് ചെയ്തവർക്കു മാത്രമേ പരീക്ഷയ്ക്കു പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. ഇത്തരത്തിൽ സമയക്രമം സെലക്ട് ചെയ്തവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് ലഭിക്കുന്നതായിരിക്കും. ഈ രജിസ്ട്രേഷൻ സ്ലിപ്പും പരീക്ഷാഭവനിൽ നിന്നും ലഭിച്ച ഹാൾടിക്കറ്റും പരീക്ഷാസമയത്ത് ഹാജരാക്കേണ്ടതാണ്. മലയാളം ലോവർ, മലയാളം ഹയർ, ഇംഗ്ലീഷ് ലോവർ, ഇംഗ്ലീഷ് ഹയർ എന്നീ വിഷയങ്ങൾക്ക് ഇത്തരത്തിൽ പ്രത്യേകം പ്രത്യേകമായി സമയം തെരഞ്ഞെടുക്കേണ്ടതാണ്. ഫീസടയ്ക്കുവാനും സമയക്രമം തെരഞ്ഞെടുക്കുവാനുമുള്ള അവസരം 2019 ആഗസ്റ്റ് 27 മുതൽ സെപ്തംബർ 14 വരെ മേൽ സൂചിപ്പിച്ച വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. പരീക്ഷാ ഫീസായി ലോവറിന് 200/- രൂപയും ഹയറിന് 250 രൂപയും ആണ്. വിദ്യാർത്ഥികൾ തെരഞ്ഞെടുത്ത പരീക്ഷാ തീയതിയും സമയവും യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല.

24/8/19

ഡയറക്ടർ